SUNDAY 17.03.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/03/2024

1. വെള്ളായണി കാർഷിക കോളേജിൽ വച്ച് ട്രെയിനിംഗ് സർവീസ് സ്കീം 2024 മാർച്ച് 22, 23 തീയതികളിൽ 'സുസ്ഥിര നഗര കാർഷിക സംവിധാനങ്ങളും സുസ്ഥിര നഗരങ്ങളും'' എന്ന വിഷയത്തിൽ നടത്തുന്ന അന്താരാഷ്ട്ര സെമിനാറിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ മികച്ച നഗരകർഷകർക്ക് അവാർഡ് നൽകുന്നു. മട്ടുപ്പാവ് കൃഷി, വീട്ടുവളപ്പിലെ കൃഷി എന്നീ രണ്ട് വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത്. മത്സരാർത്ഥികൾ നിലവിൽ കൃഷി ചെയ്യുന്നവരായിരിക്കണം. താല്പര്യമുള്ള നഗര കർഷകർ 2024 മാർച്ച് 19 നകം പേര് രജിസ്റ്റർ ചെയ്യുന്നതിനായി 8891540778 എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സ്ആപ്പ് മെസ്സേജ് അയക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. അവാർഡിന് വേണ്ടി തങ്ങളുടെ കൃഷിയിടത്തെ കുറിച്ച് ഒരു മിനിറ്റിൽ താഴെ ദൈർഘ്യമുള്ള വീഡിയോകളോടൊപ്പം, കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം, കൃഷി ചെയ്യുന്ന വിളകൾ, അവയുടെ വിൽപ്പന രീതി (സ്വന്തം/ അയൽപക്കത്തോ അടുത്തുള്ള കമ്പോളത്തിലോ വിൽക്കുന്നു) എന്നീ കാര്യങ്ങൾ കൂടി രേഖപ്പെടുത്തിയിരിക്കണം. തെരഞ്ഞെടുക്കപ്പെട്ട കൃഷിയിടങ്ങൾ വിദഗ്ധസംഘം നേരിട്ട് പരിശോധിച്ചതിനു ശേഷമായിരിക്കും അവാർഡ് നിർണയിക്കുക. അവാർഡ് തുകയോടൊപ്പം സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207854920 / 8281648810 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണിയിൽ നിന്ന് വിവിധയിനം പഴം പച്ചക്കറികൾ ലേലം ചെയ്ത് എടുക്കുന്നതിന് താത്പര്യമുള്ള കച്ചവടക്കാരിൽ നിന്ന് രജിസ്ട്രേഷൻ ക്ഷണിക്കുന്നു. ആജീവനാന്ത രജിസ്ട്രേഷൻ ഫീസ് 250/- രൂപ. കൂടുതൽ വിവരങ്ങൾക്ക് 9383470311, 9383470312 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കേരള സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എറണാകുളം ജില്ലയിലെ മത്സ്യ ഫാമുകൾക്കും ഹാച്ചറികൾക്കും 2024-25 വർഷത്തെ ലൈസൻസ് പുതുക്കുന്നതിന് (കുടിശ്ശിക ഉൾപ്പെടെ) അദാലത്ത് സംഘടിപ്പിക്കുന്നു. മാർച്ച് 18 ന് (തിങ്കൾ) രാവിലെ 11 മുതൽ 4 വരെ ഈസ്റ്റ് കടുങ്ങല്ലൂർ യു.സി കോളേജിന് സമീപത്തുള്ള നിഫാം ആലുവ എന്ന സ്ഥാപനത്തിലും മാർച്ച് 19 ന് രാവിലെ 11 മുതൽ 4 വരെ എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും അദാലത്ത് സംഘടിപ്പിക്കും. അദാലത്തിൽ പങ്കെടുക്കുന്നവർ ഫാം/ഹാച്ചറിയുടെ രജിസ്ട്രേൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും, മുൻ വർഷത്തെ ലൈസൻസ് കോപ്പിയും ഹാജരാക്കേണ്ടതാണ്. അദാലത്ത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾക്കും 8304952394 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

4. പെരിയാറിന്റെ ഇരുകരകളോടും ചേർന്നുള്ള പ്രദേശങ്ങളിൽ ചെയ്തു വന്നിരുന്ന കരിമ്പ് കൃഷിയും ശർക്കരനിർമ്മാണവും പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെ വി കെ) കരിമ്പ് കൃഷി വ്യാപനം ലക്ഷ്യമിട്ട് ആലുവ, പറവൂർ താലൂക്കുകളിലുള്ള, സ്വന്തമായി സ്ഥലമുള്ളതോ പാട്ടത്തിനെടുക്കാൻ തയ്യാറുള്ളതോ ആയ പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന കർഷകർക്കായി സൗജന്യ കരിമ്പ് കൃഷി പരിശീലനം നടത്തുന്നു. ആലങ്ങാട് കോഓപ്പറേറ്റീവ് ബാങ്ക് ഹാളിൽ 19ന് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ 8089434479 എന്ന നമ്പറിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൂക്കോട് വെറ്ററിനറി കോളേജ് മൃഗപ്രത്യുല്പാദന-പ്രസവചികിത്സാവിഭാഗം 2024 മാർച്ച് മുതൽ ജൂലൈ വരെ മൂന്ന് ബാച്ചുകളിലായി **ആടുകളിലെ കൃത്രിമബീജാധാനം** (Artificial Insemination in Goats) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ ശാസ്ത്രീയ-പ്രായോഗിക പരിശീലനം നടത്തുന്നു. യൂണിവേഴ്സിറ്റിയുടെ വയനാടുള്ള പൂക്കോട് സെന്ററിൽ വെച്ചായിരിക്കും പരിശീലനം. ഓരോ ബാച്ചിലും 10 പേർക്കാണ് പ്രവേശനം. പശുക്കളിലെ കൃത്രിമബീജാധാനത്തിൽ പരിശീലനം ലഭിച്ചവർക്കാണ് ഈ പ്രായോഗിക പരിശീലനം നൽകുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7909292304 എന്ന ഫോൺ നമ്പറിലോ അല്ലെങ്കിൽ lekshmibhai@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. 'ഓമിക്സ് അപ്രോച്ചസ് ട്ടു ഡെസിഫര് പ്ലാൻറ് മെറ്റബോളിസം ആൻ എവല്യൂഷനറി ഹിസ്റ്ററി ' എന്ന വിഷയത്തിൽ 2024 മാർച്ച് 20 മുതൽ 22 വരെ ഒരു പരിശീലനപരിപാടി ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിൽ വച്ച് നടക്കുന്നു. ഇൻഡോ-ഫ്രഞ്ച് സെൻറർ ഫോർ ദി പ്രമോഷൻ ഓഫ് അഡ്വാൻസ്ഡ് റിസേർച്ചിൽ നിന്നുള്ള ധനസഹായത്തോടെ നടപ്പാക്കുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ബോട്ടണി, ബയോടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ്, അഗ്രിക്കൾച്ചർ അല്ലെങ്കിൽ ഏതെങ്കിലും ബയോളജി വിഷയത്തിലോ ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്നവരോ പിഎച്ച്ഡിക്കു പഠിക്കുന്നവരോ പഠനം പൂർത്തിയാക്കിയവർക്കോ പരിപാടിയിൽ പങ്കെടുക്കാം.